"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കേരളാ സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസി (KSRRDA)- അഡീഷണൽ ഡയറക്ടർ തസ്തിക (എംപവേർഡ് ഓഫീസർ) പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേക്ക് ഷിഫ്റ്റ് ചെയ്ത് കൊണ്ട് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.710/2026/LSGD തിരുവനന്തപുരം, തീയതി,12-03-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.2660/2022/ത.സ.ഭ.വ. തീയതി: 01.11.2022
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 10.01.2026-ലെ LSGD/PD/40064/2025-CSS A4നം.കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണത്തിനു ശേഷം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഓഫീസ് സംവിധാനം ക്രമീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിൻ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ 4 അഡീഷണൽ ഡയറക്ടർമാരുടെ കീഴിലാണ് വിവിധ വിഭാഗങ്ങൾ നിലവിൽ പ്രവർത്തിച്ചു വരുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ സംസ്ഥാന-കേന്ദ്രപദ്ധതികൾ, വികേന്ദ്രീകൃതാസൂത്രണ വാർഷിക പദ്ധതികൾ, നിയമങ്ങളും ചട്ടങ്ങളും, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ വിഷയങ്ങൾ, മാലിന്യ സംസ്കരണം, ദുരന്തനിവാരണം, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ, വിവിധ തലങ്ങളിലെ പരാതികൾ, ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ്, അച്ചടക്കനടപടികൾ ഉൾപ്പെടെ നിരവധി വിഷയങ്ങളാണ് ഡയറക്ടറേറ്റിൽ കൈകാര്യം ചെയ്തുവരുന്നത്. പ്രസ്തുത ജോലികളുടെയെല്ലാം മേൽനോട്ടം വഹിക്കുന്നതിൽ അഡീഷണൽ ഡയറക്ടർ തലത്തിൽ അമിത ജോലിഭാരം നിലവിലുണ്ടെന്നും ഈ സാഹചര്യത്തിൽ കേരളാ സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസിയിൽ (KSRRDA) നിലവിലുള്ള അഡീഷണൽ ഡയറക്ടർ കേഡറിലെ എംപവേർഡ് ഓഫീസർ തസ്തിക പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേക്ക് ഷിഫ്റ്റ് ചെയ്യുന്നത് ഡയറക്ടറേറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകരമാക്കുന്നതാണെന്നും പരാമർശം(2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

KSRRDA-യിലെ എംപവേർഡ് ഓഫീസറുടെ (അഡീഷണൽ ഡയറക്ടർ) ശമ്പളവും ആനുകൂല്യങ്ങളും നിലവിൽ 2515-00-001-41-00-01 എന്ന ശീർഷകത്തിൽ നിന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നാണ് വിതരണം ചെയ്യുന്നത് എന്നതിനാൽ ടി തസ്തിക പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേക്ക് പുനർവിന്യസിക്കുന്നത് സർക്കാരിന് യാതൊരുവിധ അധിക സാമ്പത്തിക ബാധ്യതയും ഉണ്ടാക്കുന്നതല്ല എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരളാ സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസിയിലെ (KSRRDA) സൂപ്പർവൈസറി തസ്തികയിലെ ഉദ്യോഗസ്ഥ സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായും പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പ്രകാരവും KSRRDA-യിലെ അഡീഷണൽ ഡയറക്ടർ തസ്തിക (എംപവേർഡ് ഓഫീസർ) പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേക്ക് ഷിഫ്റ്റ് ചെയ്ത് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
മെമ്പർ സെക്രട്ടറി ,കേരളാ സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസി
ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Suja. M
Date: 12-03-2026 16:22:07
സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ-യ്ക്ക്